മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയ അവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ

(1) ഭാരതപ്പുഴയുടെ തീരപ്രദേശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ബാലറാം : സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിയില്ലല്ലോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തോ അത്യാവശ്യമായി പോകേണ്ടിവന്നു. കുഴപ്പമില്ല അവതരിപ്പിച്ചോളൂ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വി. ബാലറാം : സർ, കേരളത്തിലെ പാലക്കാട് , തൃശ്ശൂർ, മലപ്പുറം എന്നീ മൂന്നു ജില്ലകളിലൂടെ കടന്നുപോകുന്ന ഭാരതപ്പുഴയുടെ തീരസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പരിസ്ഥിതി ചിന്തകരും സാംസ്ക്കാരിക നായകൻമാരും പലപ്പോഴും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കടൽനിരപ്പിൽ നിന്നും 2000 അടി ഉയരത്തിൽ ആനമല എന്നു പറയുന്ന സ്ഥലത്തു നിന്നും ആരംഭിച്ച് 151 കിലോമീറ്റർ പിന്നിട്ട് പൊള്ളാച്ചി താലൂക്കിലൂടെ കടന്ന് ഒറ്റപ്പാലം, ചിറ്റൂർ, പാലക്കാട്, തലപ്പള്ളി, തിരൂർ, പൊന്നാനി താലൂക്കുകൾ പിന്നിട്ട് പൊന്നാനിക്കടുത്ത് കടലിൽ ചേരുന്ന നിളാനദി എന്നും ദക്ഷിണഗംഗയെന്നും അറിയപ്പെടുന്ന ഭാരതപ്പുഴയ്ക്ക് ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. 2100 സ്കയർ മൈൽ പ്രദേശത്താണ് ഇത് ഡ്രെയിനേജിന് പ്രയോജനപ്പെടുന്നത്. ഈ പുഴയുടെ തീരത്ത് ധാരാളം ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളുമുണ്ട്. മരം, ഓട്, കളിമണ്ണ്, കയർ, തീപ്പെട്ടി, ഇരുമ്പ് വ്യവസായങ്ങൾ, റൈസ് മില്ലുകൾ, പായനെയ്ത്ത്, ഇഷ്ടിക നിർമ്മാണം എന്നിവയ്ക്കുപുറമെ ധാരാളം കൃഷി ചെയ്യുന്ന സ്ഥലങ്ങളുണ്ട്. നെല്ല്, കാപ്പി, വാഴ, റബ്ബർ, പച്ചക്കറികൾ എന്നിവ അവിടെ കൃഷിചെയ്തുവരുന്നുണ്ട്. ഈ തീരപ്രദേശങ്ങളിൽ വളരെക്കാലമായി ആയിരക്കണക്കിന് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പക്ഷേ ഈ പുഴയുടെ തീരം ഇന്ന് വളരെ ശോചനീയമായ ഒരവസ്ഥയിലാണെന്നു മാത്രമല്ല, പരിസ്ഥിതിയെ സംബന്ധിച്ചിടത്തോളം വളരെ മലീമസമായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഈ മൂന്നു ജില്ലകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള മണൽ ഈ പുഴയോരത്തുനിന്നുമാണ് നൂറ്റാണ്ടുകളായി എടുത്തുകൊണ്ടിരിക്കുന്നത്. ആ പുഴയുടെ സംരക്ഷണം പരിഗണിച്ച് മണൽ എടുക്കുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതിയുടെ ഒരുത്തരവിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ മണലെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത്. പുഴയുടെ സംരക്ഷണംകൂടി കണക്കിലെടുത്തുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്തിയതെങ്കിലും ഈ മണലിന് വില നിശ്ചയിക്കുന്ന കാര്യത്തിൽ യാതൊരു തത്വദീക്ഷയും ശാസ്ത്രീയമായ സമീപനവുമില്ലെന്നുള്ളത് ഏറ്റവും സങ്കടകരമായ കാര്യമാണ്. സർക്കാരിനാണ് മണലെടുക്കുന്നതിന്റെ മുഖ്യമായിട്ടുള്ള പണവും ലഭിക്കുന്നത്. 1998-ൽ ഒരു ലോഡ് മണിലിന് 400 രൂപയാണ് വിലയുണ്ടായിരുന്നതെങ്കിൽ 1999-ൽ അത് 600 രൂപയായി ഉയർന്നു. 2000 ജനുവരി ഒന്നിന് അത് 1200 രൂപയായി വർദ്ധിപ്പിച്ചു. അത് വളരെ അശാ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീയമായ നടപടിയായിരുന്നു. പിന്നീട് സർക്കാർ ഇടപെട്ട് അത് വീണ്ടും 800 രൂപയാക്കി കുറച്ചു. ഒരു പഞ്ചായത്തിൽ നിന്നും 100 ലോഡ് മണൽ മാത്രമേ ഒരു ദിവസം എടുക്കാൻ പറ്റുകയുള്ളൂവെന്നാണ് സർക്കാരിന്റെ നിയന്ത്രണം. ആ 100 ലോഡ് മണലെടുക്കുമ്പോൾ ഒരു പഞ്ചായത്തിന് ഒരു ദിവസം കിട്ടുന്ന വരുമാനം 16,000 രൂപയാണ്. അങ്ങനെ ഓരോ പഞ്ചായത്തിനും 16,000 രൂപ കിട്ടുമ്പോൾ അതോടൊപ്പംതന്നെ റിവർ മാനേജ്മെന്റ് കമ്മിറ്റിക്കും 16,000 രൂപ ലഭിക്കുന്നുണ്ട്. സർക്കാരിനും ലഭിക്കുന്നുണ്ട്. അങ്ങനെ തൃശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും ഒരു മാസത്തിൽത്തന്നെ 12 ലക്ഷത്തോളം രൂപ റിവർ മാനേജുമെന്റ് കമ്മിറ്റിക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ ലഭിക്കുന്ന പൈസ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. കോടിക്കണക്കിന് രൂപ റിവർ മാനേജുമെന്റ് അക്കൗണ്ടിൽ കിടക്കുന്നുണ്ട്. പക്ഷേ ഈ പുഴ സംരക്ഷിക്കുന്നതിനുവേണ്ട യാതൊരു നടപടിയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും കഴിഞ്ഞ നാലുവർഷക്കാലമായി എടുത്തിട്ടില്ല. അതുകൊണ്ട് ഈ തീരങ്ങളിൽ താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർ ഭയവിഹ്വലരായിട്ട് കഴിയുകയാണ്. കാലവർഷം കഠിനമായാൽ ആ പ്രദേശങ്ങളിൽ താമസിക്കാൻ പറ്റാത്ത അവസ്ഥയാണ്. അതിനേക്കാളൊക്കെ ഉപരിയായി കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. അതുപോലെ തന്നെയാണ് വടക്കാഞ്ചേരി ശുദ്ധജലവിതരണ പദ്ധതി. ഈ രണ്ട് ശുദ്ധജലവിതരണ പദ്ധതികളും സുതാര്യമാകണമെങ്കിൽ, അതിന് വേണ്ടത്ര വെള്ളം ലഭിക്കണമെങ്കിൽ ഈ പുഴയിൽ തടയണകൾ പണിയണം. ആ തടയണകൾ പണിയാനുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ പുഴയോരങ്ങളിൽ തടയണ പണിയുന്നതിനുള്ള നടപടിയെടുക്കണം, അതുപോലെ തന്നെ ഈ പുഴയുടെ തീരത്ത് അനധികൃതമായ കയ്യേറ്റങ്ങൾ ദിവസേന നടന്നുകൊണ്ടിരിക്കുകയാണ്. ആ അനധികൃത കയ്യേറ്റങ്ങൾ കൊണ്ട് ആ പുഴയോരം കൂടുതൽ മലിനമായിരിക്കുന്നു എന്നു മാത്രമല്ല, ആ പുഴയുടെ സംരക്ഷണം തന്നെ താറുമാറായിട്ടുള്ള സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. അതുകൊണ്ട് അതിനുള്ള നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ദക്ഷിണഗംഗ എന്നറിയപ്പെടുന്ന ഭാരതപ്പുഴയുടെ തീരത്ത് അത് ഹിന്ദുക്കൾക്ക് വളരെ വിശ്വാസമുള്ള ഒരു സ്ഥലമാണ്. ഈ മൂന്നു ജില്ലകളിൽ നിന്നും മാത്രമല്ല, പുറംജില്ലകളിൽ നിന്നും ഒരു ദിവസം നൂറുകണക്കിന് മൃതദേഹങ്ങൾ അവിടെ കൊണ്ടുവന്ന് സംസ്ക്കരിക്കുന്നുണ്ട്. അത് വളരെ ദയനീയമായിട്ടുള്ള ഒരു കാര്യമാണ്. ആ മൃതദേഹങ്ങൾ സംസ്ക്കരിക്കുന്നതിന് യാതൊരു തരത്തിലുള്ള മേൽനോട്ടമോ സർക്കാരിന്റെ സംവിധാനമോ ഒന്നും അവിടെയില്ലാത്തതുകൊണ്ട് ആ മൃതദേഹങ്ങൾ പകുതി സംസ്കരിച്ച് ആളുകൾ തിരിച്ചുപോവുകയാണ്. അതിന്റെ അവശിഷ്ടങ്ങൾ മുഴുവൻ ആ പുഴയുടെ തീരത്ത് കിടക്കുകയാണ്. ആ വെള്ളമാണ് പല സ്ഥലങ്ങളിലും കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുന്നത് എന്ന് സർക്കാർ മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് അവിടെ സംസ്ക്കരണത്തിനാവശ്യമായിട്ടുള്ള ഒരു സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ചെറുതുരുത്തിയിലും അതുപോലെ തിരുവില്വാമലയിലുമാണ് ഇപ്പോൾ പ്രധാനമായും തൃശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഈ മൃതദേഹസംസ്ക്കരണം നടക്കുന്നത്. അവിടെ സർക്കാരിന്റെ സ്ഥലത്ത് ഇതിനു പ്രത്യേകമായി യാതൊരു തരത്തിലുള്ള സംവിധാനമോ, ഇതിന് മേൽനോട്ടം വഹിക്കാനുള്ള സംവിധാ

LIBRARY ARCHIVES Kerala Legislative Assembly

നമോ ഒന്നുമില്ല. അതുകൊണ്ട് അവിടെ ഒരു ഇലക്ട്രിക്കൽ ക്രീമെറ്റോറിയം പണിയേണ്ടത് വളരെ ആവശ്യമാണ്. ആ ഇലക്ട്രിക്കൽ ക്രീമെറ്റോറിയം പണിയണമെങ്കിൽ ഒരു കോടി രൂപയിൽ താഴെമാത്രമേ ചെലവ് വരികയുള്ളൂ. ഇപ്പോൾത്തന്നെ കോടിക്കണക്കിന് രൂപ ഈ റിവർ മാനേജുമെന്റ് കമ്മിറ്റിയുടെ പേരിൽ നമ്മുടെ ട്രഷറികളിൽ കളക്ടറുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ട് ആ പണം ഉപയോഗിച്ച് ഒരു ഇലക്ട്രിക്കൽ ക്രീമെറ്റോറിയം ഈ പുഴയുടെ തീരത്ത് പണിതാൽ അത് വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരുടെ മൃതദേഹങ്ങൾ സംസ്ക്കരിക്കുന്നതിന് ഏറ്റവും അനുയോജ്യമായിട്ടുള്ള ഒരു കാര്യമായിരിക്കും. ആ പുഴയുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാന സർക്കാർ ഒരു സംവിധാനവും ഇതുവരെ ചെയ്തിട്ടില്ല. അതുകൊണ്ട് ആ പുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിനും ഭയവിഹ്വലരായി കഴിയുന്ന ജനങ്ങളുടെ ആശങ്കമാറ്റുന്നതിനും ഉതകുന്ന രീതിയിലുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, റവന്യൂ വകുപ്പുമന്ത്രി മറുപടി പറയേണ്ട ഒരു വിഷയമാണിത്. അദ്ദേഹം ഇപ്പോൾ സഭയിലില്ലാത്തതിനാൽ ശ്രീ. വി. ബാലറാമിന്റെ ശ്രദ്ധക്ഷണിക്കലിന് അടുത്ത ദിവസം മറുപടി പറയുന്നതായിരിക്കും.

(2) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംമൂലം സംസ്ഥാനത്തെ കേര കർഷകർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന കൃഷിക്കാരുടെ ഒരു പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ 40 ശതമാനം നാളികേര കൃഷിയാണ്. പാവപ്പെട്ട കുടികിടപ്പുകാരൻ തൊട്ട് ഇടത്തരം ധനിക കൃഷിക്കാർ വരെ ഈ മേഖലയുമായി ബന്ധപ്പെട്ട് കൃഷി നടത്തി ജീവിക്കുന്നവരാണ്. കാർഷിക പരിഷ്ക്കാര നിയമംമൂലം നാളികേര കൃഷിക്ക് പരിധി നിശ്ചയിച്ചതുകൊണ്ട് 15 ഏക്കറിൽ കൂടുതലുള്ള കൃഷിക്കാർ നാളികേര മേഖലയുമായി ബന്ധപ്പെട്ടവരല്ല. ഇന്ത്യയിലെ മൊത്തം 18.8 ലക്ഷം ഹെക്ടർ സ്ഥലത്ത് നാളികേര കൃഷിയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെങ്കിൽ അതിൽ 10.2 ലക്ഷം ഹെക്ടർ സ്ഥലത്തും നാളികേര കൃഷിയുള്ളത് കേരളത്തിലാണ്. 5.5 ലക്ഷം ടൺ വെളിച്ചെണ്ണ ഇന്ത്യയിലുല്പാദിപ്പിക്കുന്നതിൽ 4.5 ലക്ഷം ടൺ വെളിച്ചെണ്ണ ഉല്പാദിപ്പിക്കാൻ കേരളത്തിലെ കൊപ്രയാണ് ഉപയോഗിക്കുന്നത്. 591 കോടി നാളികേരം ഒരു കൊല്ലം നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നു എന്നാണ് കണക്ക്. ഒരു നാളികേരത്തിന് രണ്ടു രൂപ വില കുറഞ്ഞാൽ 1200 രൂപ ഒരു കൊല്ലത്തിൽ കേരളത്തിലെ സമ്പദ്ഘടനയിൽ കുറവു വരുന്ന അവസ്ഥയാണ് നാളികേരത്തിന്റെ വിലയിടിവുമൂലം ഉണ്ടാകുന്നത്. ഇത്രയധികം വിപുലമായി എല്ലാ ജില്ലകളേയും ബാധിക്കുന്ന, മഹാ ഭൂരിപക്ഷം കൃഷിക്കാരെയും ബാധിക്കുന്ന ഒരു കൃഷി എന്ന നിലയിൽ നാളികേര കൃഷി നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. എല്ലാ കാലത്തും നമ്മുടെ നാളികേര കൃഷിക്കാരെ ഇന്ത്യൻ കുത്തകകൾ ചൂഷണം ചെയ്ത അനുഭവമാണുണ്ടായിട്ടുള്ളത്. 1947 തൊട്ട് നരസിംഹറാവു ഗവണ്മെന്റിന്റെ കാലം വരെ ഇന്ത്യൻ കുത്തകകൾക്ക് യഥേഷ്ടം കൊള്ളയടിക്കുന്നതിനുണ്ടേി കേന്ദ്രഗവൺമെന്റ് അവസരമൊരുക്കിക്കൊടുത്തതിന്റെ ദുരന്ത

LIBRARY ARCHIVES Kerala Legislative Assembly